# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1649 14.12.2012-ൽ മറുപടിയ്ക്ക്

### കോഴി വളർത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കോഴികർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കോഴി വളർത്തൽ ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ പല കർഷകരും ഈ മേഖലയിൽ നിന്നും പിന്മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്.<br>എന്നാൽ മുട്ടക്കോഴി വളർത്തലിലും മുട്ട ഉല്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| സി) | കോഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | സി) | വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത കോഴി ഇറക്കുമതി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളും,മുട്ടക്കോഴിക്കുഞ്ഞുങ്ങളും രോഗബാധയില്ലാത്തവയാണ് എന്ന് ഉറപ്പുവരുത്തുവാനായി വെറ്ററിനറി ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് വേണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഇതിന്റെ പരിശോധനയും കോഴികളുടെ ഗുണനിലവാര പരിശോധനയും നടത്തുന്നുണ്ട്. |

Seela

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്ത് കോഴികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, വകുപ്പിന്റെ കീഴിലുള്ള കോഴി ഫാമുകളിൽ വിരിയിച്ചിറക്കുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾ വഴി വളർത്തി, വിവിധ പ്രായത്തിൽ വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾക്കായി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ കൂടുതൽ മുട്ടയും മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കാനായി സർക്കാർ ഫാമുകളുടെ നവീകരണവും ശക്തിപ്പെടുത്തലിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇതിലേയ്ക്കായി ഈ വർഷം 180 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. ഇതു കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കോലാനി,ചാത്തമംഗലം ഫാമുകളുടെ നവീകരണത്തിനും ശക്തിപ്പെടുത്തലിനുമായി 85 ലക്ഷം രൂപ വീതം മൊത്തം 170 ലക്ഷംരൂപ അനുവദിക്കുകയും ആയതിന്റെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

2012-2013 സാമ്പത്തിക വർഷം പ്ലാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ കോഴിവളർത്തലിൽ താല്പര്യവും, സ്ഥലസൗകര്യവുമുള്ള 39,000 ഗുണഭോക്താക്കൾക്ക് എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ 45-60 ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളും തീറ്റയും എഗ്ഗർ നഴ്സറികൾ വഴി നൽകി വരുന്നു. ഇതിൽ 10 കോഴിക്കുഞ്ഞുങ്ങളുടെയും തീറ്റയുടെയും വിലയായ 1000/-രൂപ സർക്കാർ സഹായമായിട്ടാണ് നൽകി വരുന്നത്. 400 ലക്ഷം രൂപ ഇതിനായി ചെലവഴിക്കുന്നു.

കോഴികർഷകർക്ക് കേന്ദ്ര സർക്കാരിന്റെ നബാർഡ് മുഖേന നടപ്പിലാക്കുന്ന പൗൾട്രി വെൻച്വർ ഫണ്ട് വഴി നിരവധി ആനുകൂല്യങ്ങൾ, ബാങ്ക് വായ്പയിലൂടെ നൽകിവരുന്നു. ഈ മേഖലയിലുള്ള കോഴി കർഷകരെ ഈ മേഖലയിൽതന്നെ പിടിച്ചു നിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാ വർഷവും ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും

ഏറ്റവും നല്ല കോഴികർഷകരെ തിരഞ്ഞെടുത്ത് അവാർഡുകൾ നൽകിവരുന്നു.

കൂടാതെ സംസ്ഥാനത്ത് ആദ്യമായി ഒരു ഹൈടെക് കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് കെ.എസ്.പി.ഡി.സി നടപടി സ്വീകരിച്ചിട്ടുണ്ട്. 18.02 കോടി രൂപയുടെ മുതൽമുടക്കുള്ള ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്.

കെ.എസ്.പി.ഡി.സി യുടെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ കമ്പോള വിലയിൽ നിന്നും കുറഞ്ഞ നിരക്കിൽ കർഷകർക്കു ലഭ്യമാക്കുന്നുണ്ട്. വിവിധ പദ്ധതികളായ ഗ്രാമം നിറയെ കോഴികൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കോഴിവളർത്തൽ ഗ്രാമങ്ങൾ, നഗരപ്രിയ തുടങ്ങിയവ നടപ്പാക്കുന്നതിലൂടെ ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സൗജന്യമായി കോഴിയും തീറ്റയും മരുന്നും കോർപ്പറേഷൻ നൽകിവരുന്നു. പേട്ടയിലെ ന്യായവില മെഡിക്കൽ ഷോപ്പ് മുഖേന കർഷകർക്ക് 10-30% വില കുറവിലാണ് കോഴികൾക്കുള്ള മരുന്ന് നൽകുന്നത്. കൂടാതെ കോഴി വളർത്തൽ കർഷകരെ സഹായിക്കുവാൻ ഒരു വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ കർഷക സഹായ കേന്ദ്രം പ്രവർത്തിക്കുന്നുമുണ്ട്. കർഷകരെ കൂടുതൽ ഈ രംഗത്തേക്ക് ആകർഷിക്കാനായി ശാസ്ത്രീയമായ കോഴിവളർത്തൽ, ഹാച്ചറി ഓപ്പറേഷൻസ്, തീറ്റ നിർമ്മാണം, ശാസ്ത്രീയമായ കോഴി ഇറച്ചി സംസ്കരണം തുടങ്ങിയ പരിശീലന പരിപാടികൾ സൗജന്യമായി നൽകി വരുന്നു.

Seela

സെക്ഷൻ ഓഫീസർ